കേരള പോലീസ്
KERALA POLICE

# വാറണ്ട് പ്രതി അറസ്റ്റിൽ



പാമ്പാടി: മോഷണക്കേസിലെ വാറണ്ടു പ്രതി പൊൻകുന്നം, ചിറക്കടവ് തുണ്ടത്തു വീട്ടിൽ രാമചന്ദ്രന്റെ മകൻ ബാബു കുട്ടനെയാണ് (52) പൊൻകുന്നത്തുനിന്നും പൊലീസ് പിടികൂടിയത്. 2009 ൽ കൂരോപ്പട ഭാഗത്തു നിന്നും പഞ്ചായത്ത് ജലനിധി പദ്ധതിയുടെ 20 എച്ച്.പി യുടെ മോട്ടർ, ഇയാൾ മറ്റു മൂന്നു പ്രതികളുമായ് ചേർന്ന് മോഷണം നടത്തി ആക്രി കടകളിൽ വിൽപ്പന നടത്തി എന്നതാണ് കേസ്.

മദ്യപാനം നടത്തുന്നതിനു വേണ്ടി മോഷണം നടത്തി, അവ ആക്രിക്കടകളിൽ വിറ്റ് പണം കണ്ടെത്തുന്നതാണ് പ്രതിയുടെ ശൈലി. പാമ്പാടി സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസിൽ കോട്ടയം ജുഡിഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ വിചാരണ നടന്നു വരവേ ജാമ്യത്തിലിറങ്ങിയ പ്രതിയായ ബാബുക്കുട്ടൻ മുങ്ങുകയായിരുന്നു. പാമ്പാടി സ്റ്റേഷൻ ഇൻസ്പെക്ടർ എസ്.എച്ച്.ഒ യു.ശ്രീജിത്തിനു ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ സിവിൽ പോലീസ് ഓഫീസർമാരായ ഫെർണാണ്ടസ്, സന്തോഷ് കുമാർ എന്നിവർ ചേർന്നാണ് പ്രതിയെ പൊൻകുന്നത്തു നിന്ന് പിടികൂടിയത്.

***ജില്ലാ പോലീസ്, കോട്ടയം***